# സ്വർഗ്ഗം ഭൂമിക്കു നല്കിയ സമ്മാനം

ഡിസംബർ മാസത്തിലെ മരം കോച്ചുന്ന തണുപ്പിൽ ഒരു ക്രിസ്തുമസ്സ് രാവു കൂടി ഭൂമിയിൽ പെയ്തിറങ്ങുകയാണ്. ദൈവം മനുഷ്യനായി അവതരിച്ച മഹാസംഭവം........

ലോകരക്ഷകന്റെ പിറവി വൈക്കോൽപ്പരപ്പിലായിരുന്നു. നിലാവും, നക്ഷത്രവും, റാന്തൽ വെളിച്ചവുമായിരുന്നു ഇരുളിനെ നീക്കം ചെയ്തത്....... ദരിദ്രരായ ആട്ടിടയന്മാരുടെ കമ്പിളിക്കീറുകളാണ് ദിവ്യശിശുവിന്റെ തണുപ്പകറ്റിയത്....... ലോകത്തിനു ജീവനേകുന്ന അപ്പമാകേണ്ടവൻ ''പുൽത്തൊട്ടിയിൽ '' ബലഹീനശരീരമോടെ പിറന്നു വീണിരിക്കുന്നു..... സ്വർഗ്ഗം ഭൂമിയിലേയ്ക്കിറങ്ങി വന്നിരിക്കുന്നു.....

കാലിത്തൊഴുത്തിൽ തങ്ങളുടെ അരികിലേയ്ക്ക് വന്നുപിറക്കാൻ കാരുണ്യം കാണിച്ച ഉണ്ണി ദൈവീകശിശുവായിരുന്നുവെന്ന് ആദ്യം തിരിച്ചറിഞ്ഞത് പാണ്ഡിത്യമോ, സ്വത്തോ ഇല്ലാത്ത ആട്ടിടയന്മാരായിരുന്നു. എങ്കിലും ബെത്‌ലഹേമിലെ കുന്നിൻചെരുവിൽ പാറക്കെട്ടുകൾക്കു നടുവിലെ തണുത്ത മണ്ണിൽ നിന്ന് അവർ ദൈവമഹത്വം തിരിച്ചറിഞ്ഞു..... ഒരു ദു:ഖം മാത്രം, അവർക്ക് ഉണ്ണിയീശോയ്ക്കുകൊടുക്കുവാൻ തങ്ങളുടെ കൈകളിൽ ഒന്നുമില്ലല്ലോ.....

ആകാശത്തു മിന്നിനിന്ന നക്ഷത്രങ്ങളും ഭൂമിയിലേയ്ക്കു സാകൂതം ഉറ്റുനോക്കിയ മാലാഖമാരും, അവരുടെ സംഗീതവും, മഞ്ഞിന്റെ കുളിരും, ആട്ടിടയന്മാരുടെ നൃത്തവും, എല്ലാം കൂടി സുന്ദരമായൊരു കവിതപോലെ ക്രിസ്തുമസ്സിനെ നമ്മുടെ സ്മൃതിപഥത്തിലേയ്ക്കെത്തിക്കുന്നു. ഡിസംബറിലെ മഞ്ഞിന് ഒരു പ്രത്യേകതയുണ്ട്, ശരീരത്തിനു മാത്രമല്ല, മനസ്സിനും കുളിരേകുവാനും സമാധാനം നല്കുവാനും ഡിസംബറിലെ നനുത്ത രാത്രികൾക്കു കഴിയും, ഈശോ വരുമല്ലോ എന്ന ഓർമ്മ നല്കാൻ ..... സാന്താക്ലോസ്സും, ആശംസാ കാർഡുകളും, സമ്മാനപ്പൊതികളും എല്ലാം ക്രിസ്തുമസ്സിന്റെ സുന്ദരഭാവങ്ങളാണ്. നന്മയുടെ പ്രതീകങ്ങളായ എല്ലാ ഹൃദയങ്ങളിലേയ്ക്കും ഉണ്ണീശോ കടന്നുവരും എന്നുള്ളതാണ്. ക്രിസ്തുമസ്സിന്റെ സന്ദേശം. മാലാഖമാർ പാടിയ സമാധാനഗാനം ക്രിസ്തുമസ്സ് രാത്രിയിൽ നമുക്കുവേണ്ടി മുഴങ്ങിയ ഉണർത്തുപാട്ടായിരുന്നു. അന്ന് ആ ഉണർത്തുപാട്ടുകേട്ട ഇടയന്മാർ ബെത്‌ലഹേമിലെത്തി യേശുവിനെക്കണ്ട് ആരാധിച്ചു. അതേ ഉണർത്തുപാട്ട് നമ്മുടെ കാതുകളിൽ ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു.

ക്രിസ്തുമസ്സ് കാലം സന്തോഷത്തിന്റേയും സംലഭ്യതയുടേയും കാലഘട്ടമാണ്. ഈ കാലഘട്ടത്തിന്റെ സ്വാധീനം ക്രിസ്തീയ ജീവിതത്തെ തുടർന്നും സ്വാധീനിക്കണം എന്നതാണ് പ്രാധാന്യമർഹിക്കുന്നത്. തിരുപ്പിറവിയുടെ വലിയ അനുസ്മരണം ആഘോഷിക്കുവാനായി ഒരുങ്ങുന്ന നമുക്ക് നമ്മുടെ ഹൃദയങ്ങളിൽ അവിടുത്തേയ്ക്ക് ഇടം കൊടുക്കാം. ശാന്തിയുടെ സന്ദേശവുമായി വരുന്ന രക്ഷകനെ നമുക്ക് എതിരേൽക്കാം, നന്മയുള്ളമനസ്സിൽ ദൈവം പിറക്കും എന്നു നമുക്ക് ഉറച്ചു വിശ്വസിക്കാം. ആ പിറവിക്കായി നമുക്കൊരുങ്ങാം.

**റോസ്.**